"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെതിരെ വന്ന ഭീമമായ ആദായ നികുതി ഡിമാന്റ് നോട്ടീസ് ഒഴിവാക്കാനായി പരിശ്രമം നടത്തിയ അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. & കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്നീ ചുമതലകൾ നിർവ്വഹിക്കുന്ന ശ്രീ. പി.എസ്. പ്രമോജ് ശങ്കർ ഐ.ഒ.എഫ്.എസ്.-ന് സത് സേവന രേഖ (Good Service Entry) നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.182/2025/TRANS തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:- കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 18.02.2025-ലെ S001/GL2/14/2025/ADM-KSRTC-HQ (A) നമ്പർ കത്ത്.

**ഉത്തരവ്**

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KSRTC)-യുടെ സബ്സിഡിയറി കോർപ്പറേഷനായ കേരള ആർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KURTC)-യുടെ ബാങ്ക് അക്കൗണ്ടിൽ 2019-2020, 2020-2021 സാമ്പത്തിക വർഷങ്ങളിൽ നടത്തിയ ഇടപാടുകളുമായി ബന്ധപ്പെട്ട് ആദായ നികുതി വകുപ്പിൽ നിന്നും കോർപ്പറേഷന് 368.13 കോടി രൂപയുടെ ഡിമാന്റ് നോട്ടീസ് ലഭിയ്ക്കുകയുണ്ടായി എന്നും കോർപ്പറേഷന്റെ നിലനിൽപ്പിനെത്തന്നെ ബാധിച്ചേക്കാവുന്ന ഈ തുകയുടെ ഗൗരവം ഉൾക്കൊണ്ട് കൊണ്ട്, ശ്രീ. പി.എസ്. പ്രമോജ് ശങ്കർ ഐ.ഒ.എഫ്.എസ്., ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ആദായ നികുതി കമ്മീഷണറെ നേരിട്ട് കാണുകയും, കോർപ്പറേഷന്റെ ഭാഗം വിശദീകരിക്കുകയും ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയും ചെയ്തു എന്നും നിരന്തരമായ ഇടപെടലുകളും, കോർപ്പറേഷനിലെ ബുക്ക് വിഭാഗത്തിലെ ജീനവക്കാരുടെ സംയുക്ത പ്രവർത്തനങ്ങളുടെയും ഫലമായി, ആദായ നികുതി വകുപ്പ് കോർപ്പറേഷനെതിരെയുള്ള മേൽപ്പറഞ്ഞ ഡിമാന്റ് നോട്ടീസ് ഒഴിവാക്കി ഉത്തരവ് നൽകുകയുണ്ടായി എന്നും ആയതിനാൽ ശ്രീ. പി.എസ്. പ്രമോജ് ശങ്കർ ഐ.ഒ.എഫ്.എസ്., ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് സത്സേവന രേഖ (Good Service Entry) നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഫിനാൻഷ്യൽ അഡ്വൈസർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസർ കെ.എസ്.ആർ.ടി.സി., പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനങ്ങൾ മികവുറ്റതാകുന്നത് അവിടത്തെ എല്ലാ ജീവനക്കാരുടെയും ആത്മാർത്ഥമായ പരിശ്രമ ഫലമായാണെന്നും നിശ്ചിത സമയത്തിനുള്ളിൽ കാര്യക്ഷമമായി പ്രവർത്തനങ്ങൾ

ഏകോപിപ്പിച്ച് യഥാവിധി നടപ്പിലാക്കുന്നതിന് പ്രശംസനീയമായ മേൽനോട്ടവും നേതൃത്വവും നൽകി വരുന്ന അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. & കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്നീ ചുമതലകൾ നിർവ്വഹിക്കുന്ന ശ്രീ. പി.എസ്. പ്രമോജ് ശങ്കർ ഐ.ഒ.എഫ്.എസ്.-ന് സത്സേവന രേഖ (Good Service Entry) നൽകി ഉത്തരവാകുന്നു. ഈ അംഗീകാരം കെ.എസ്.ആർ.ടി.സി.യിലെ എല്ലാ ജീവനക്കാർക്കുമുള്ള ബഹുമതിയായി കണക്കാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി ബി നൂഹ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്, ആനയറ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ശ്രീ. പി.എസ്. പ്രമോജ് ശങ്കർ ഐ.ഒ.എഫ്.എസ്., അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. & കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & മീഡിയ), വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (E 3064742)

ഉത്തരവിൻ പ്രകാരം,

Signed by
Sawmini Jayakumar
Date: 08-04-2025 13:29:36
സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.